(ഇ) ഇവയുടെ ഓരോന്നിന്റെയും എത്ര കോപ്പികൾ വീതം പ്രസിദ്ധീകരിച്ചു;

(എഫ്) ഓരോ പോസ്റ്ററിനും പ്രസിദ്ധീകരണത്തിനും വേണ്ടി എന്തു ചെലവുവന്നു. ഇവയ്ക്കുവേണ്ടി എത്ര ടൺ കടലാസ് വേണ്ടിവന്നു;

(ജി) ഈ പോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും എപ്രകാരമാണ് വിതരണം ചെയ്തതെന്ന് പറയുമോ?

ഉത്തരം

(എ) മൂന്നാം വാർഷികം സംസ്ഥാനത്തുടനീളം സെമിനാറുകളും ഫോട്ടോപ്രദർശനങ്ങളും സംഘടിപ്പിച്ചുകൊണ്ടായിരുന്നു ആഘോഷിക്കപ്പെട്ടത്. ജനകീയാസൂത്രണം, ഊർജം, വ്യവസായം, കൃഷി, വിദ്യാഭ്യാസം, ഭക്ഷ്യം, ക്ഷീരവികസനം, ടൂറിസം തുടങ്ങി വിവിധമേഖലകളിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ ജില്ലയിലും നടപ്പാക്കിയിട്ടുള്ള പദ്ധതികൾക്കും ക്ഷേമപരിപാടികൾക്കും മുൻതൂക്കം നല്കികൊണ്ടായിരുന്നു സെമിനാറുകളും പ്രദർശനങ്ങളും സംഘടിപ്പിച്ചത്. കൂടാതെ സർക്കാരിന്റെ വികസന പരിപാടികളും പദ്ധതികളും ഉൾപ്പെടുത്തി ഡോക്യുമെന്ററിയും വീഡിയോ ചിത്രങ്ങളും നിർമ്മിക്കുകയുണ്ടായി.

(ബി) 21,07,200 രൂപ(ഇരുപത്തി ഒന്നു ലക്ഷത്തി ഏഴായിരത്തി ഇരുന്നൂറുരൂപ മാത്രം)

(സി) ബില്ലുകൾ ലഭിച്ചിട്ടില്ല.

(ഡി) 17 പ്രസിദ്ധീകരണങ്ങളും രണ്ടുതരം പോസ്റ്ററുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(എഫ്)പോസ്റ്ററിന്റെ അച്ചടിക്ക് 5,49,265 രൂപയും പ്രസിദ്ധീകരണങ്ങളുടെ അച്ചടിക്ക് 62,10,868 രൂപയും ചെലവുവന്നു. ഇവയുടെ അച്ചടിക്കുവേണ്ടി ഏകദേശം 80.86 ടൺ പേപ്പർ വേണ്ടിവന്നു.

(ജി) പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിൽനിന്നും ജില്ലാ ഇൻഫർമേഷൻ ആഫീസുകൾ വഴിയും പൊതുജനങ്ങൾക്ക് വിതരണം ചെയ്തിരുന്നു.

101 (1461) ഫയർമാൻ ട്രെയിനിക്കുള്ള സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള കാലവിളംബം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ഫോഴ്സ് വകുപ്പിലെ ഫയർമാൻ ട്രെയിനികൾക്ക് പേറിവിഷനെ തുടർന്നുള്ള പുതുക്കിയ നിരക്കിലെ സ്റ്റൈപ്പന്റ് നൽകുന്നതിലുള്ള കാലവിളംബത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ട്രെയിനികൾക്ക് അർഹതയുള്ള പുതിയ സ്റ്റൈപ്പന്റ് എന്നത്തേയ്ക്ക് നൽകിത്തുടങ്ങും എന്ന് വെളിപ്പെടുത്തുമോ;

† അനുബന്ധം- II

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫയർമാൻ ട്രെയിനികൾക്ക് പുതുക്കിയ സ്റ്റൈപ്പന്റ് നിഷേധിക്കുകയും അതേ സ്കെയിലിലുള്ള പോലീസ് ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുന്നതിനുള്ള അനോമലി പരിഹരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ),(ബി)&(സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

102 (1462) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ രൂപീകരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം പതിനൊന്നാം ധനകാര്യ കമ്മിഷൻ രൂപീകരിച്ച വിവരം സംസ്ഥാന സർക്കാരിനെ അറിയിക്കുകയുണ്ടായോ;

(ബി) എങ്കിൽ ആരെല്ലാമാണ് അതിലെ അംഗങ്ങൾ എന്ന് വ്യക്തമാക്കുമോ:

(സി) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ടേംസ് ഓഫ് റെഫറൻസിലെ മുഖ്യ ഇനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനങ്ങളുമായി ചർച്ചകൾ നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായോ;

(ഇ) എങ്കിൽ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അറിയിക്കുകയുണ്ടായി.

(ബി) പ്രൊഫ. എ.എം. ഖുസ്റോ (ചെയർമാൻ)
ശ്രീ. എൻ.ഡി. ജെയിൻ (മെമ്പർ)
ശ്രീ. ജെ.ഡി. ജെറ്റ്ലി (മെമ്പർ)
ഡോ. അമരേഷ് ബാഗ് ചി.(മെമ്പർ)

ശ്രീ. ടി.എൻ. ശ്രീവാസ്തവ, ഐ.എ.എസ്സ്. (മെമ്പർ സെക്രട്ടറി) എന്നിവരാണ് പതിനൊന്നാം ധനകാര്യ കമ്മിഷൻ അംഗങ്ങൾ.

(സി) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ടേംസ് ഓഫ് റെഫറൻസിലെ മുഖ്യ ഇനങ്ങൾ താഴെ പറയുന്നവയാണ്.

(1) ഭരണഘടനയുടെ 12-ാം ഭാഗം ഒന്നാം അദ്ധ്യായ പ്രകാരം കേന്ദ്രവും സംസ്ഥാനവും തമ്മിൽ വിഭജിക്കേണ്ടതോ വിഭജിക്കാവുന്നതോ ആയ തനി നികുതി വരുമാനത്തിന്റെ വിതരണവും ടി വരുമാനത്തിന്റെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം തിട്ടപ്പെടുത്തലും.

LIBRARY ARCHIVES Kerala Legislative Assembly